ഖുത്ബ നമ്പർ

02

10-01-2013

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالىٰ بنصره العزيز**

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**



Baitul Futuh, London

# കർമ്മ സംസ്കരണത്തിന് ഇച്ഛാ ശക്തിയും അറിവും അനിവാര്യം

കഴിഞ്ഞ രണ്ട് ഖുത്ബക്ക് മുമ്പുള്ള ഖുത്ബയിൽ ഹ: ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ ഖുത്ബകളുടെ വെളിച്ചത്തിൽ ഞാൻ കർമ്മ സംസ്കരണത്തെക്കുറിച്ചും കർമ്മ സംസ്കരണത്തിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങളെക്കുറിച്ചും പറഞ്ഞിരുന്നു. നാം ജമാഅത്ത് തലത്തിൽ ഉന്നതനിലവാരം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഈ തടസ്സങ്ങൾ നീക്കേണ്ടതാണെന്നും പറഞ്ഞിരുന്നു. കർമ്മങ്ങൾ ശരിയാക്കുന്നതിലുള്ള തടസ്സങ്ങൾ വിശ്വാസം ശരിയാക്കുന്നതിലുള്ള തടസ്സങ്ങളെക്കാളും പ്രയാസമുള്ളതാണെന്നും വ്യക്തമാക്കിയിരുന്നു. ഇതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഞാൻ ഇന്ന് സംസാരിക്കാൻ ഉദ്ദേശിക്കുന്നത്.

ഹ: മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനവും ആഗമനോദ്ദേശ്യവും വിശ്വാസത്തെ ശരിയാക്കുക എന്നത് മാത്രമായിരുന്നില്ല എന്നത് നാം മനസ്സിലാക്കേണ്ടതാണ്. സൃഷ്ടികളെ സൃഷ്ടാവുമായി ബന്ധിപ്പിക്കുക എന്നതും കർമസംസ്കരണം വരുത്തുക എന്നതും എന്റെ വരവിന്റെ ഉദ്ദേശ്യമാണ് എന്നാണ് ആ മഹാത്മാവ് വ്യക്തമാക്കിയത്. മനുഷ്യൻ പരസ്പരമുള്ള കടമകൾ നിറവേറ്റേണ്ടതും അനിവാര്യമാണ്. ഇതെല്ലാം തന്നെ കർമവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. സൽപ്രവർത്തികൾ ചെയ്തുകൊണ്ട് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റപ്പെടുന്നതാണ്. ഹദ്റത് മസീഹ് മൗഊദ് عليه السلام ഒരവസരത്തിൽ ഇപ്രകാരം പറയുന്നു: "ഓർക്കുക! വാചകമടിയിലും വാദമുന്നയിക്കലും ഒരു പ്രയോജനം ചെയ്യില്ല. അതോടൊപ്പം കർമ്മവും ഉണ്ടായിരിക്കേണ്ടതാണ്."

മറ്റൊരവസരത്തിൽ പറഞ്ഞു: "നിങ്ങളുടെ വിശ്വാസത്തെ തൂക്കി നോക്കുക. കർമ്മം വിശ്വാസത്തിന്റെ ആഭരണമാണ്. മനുഷ്യന്റെ പ്രവർത്തനം ശരിയല്ലെങ്കിൽ അവന് വിശ്വാസവും പ്രാപ്യമായിട്ടില്ല."

അതിനാൽ ഹ: മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നവരായി നാം മാറണമെന്നുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ ലക്ഷ്യത്തെ പൂർത്തിയാക്കുന്നവരായി മാറണമെങ്കിൽ, നമ്മിൽ ഓരോരുത്തരും തന്നെ തങ്ങളുടെ കർമ്മ സംസ്കരണത്തിലുള്ള തടസ്സങ്ങളെ ദുരീകരിക്കാനായി കഠിനപ്രയത്നം ചെയ്യുന്നവരായിത്തീരേണ്ടതാണ്. കാരണം ഈ കർമ്മ സംസ്കരണം തന്നെയാണ് മറ്റുള്ളവരുടെ ശ്രദ്ധയെ നമ്മിലേക്ക് ആകർഷിപ്പിക്കുന്നത്. അതിന്റെ ഫലമായി ഹ: മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനത്തിന് സഹായികളായി നാം മാറുകയും ചെയ്യുന്നതാണ്.

അതിനാൽ ഇത് കരസ്ഥമാക്കാൻ എന്ത് ചെയ്യണം എന്നാണ് നാം ആലോചിക്കേണ്ടത്. കാരണം നമുക്ക് വിജയം കൈവരിക്കാനുള്ള വലിയ ആയുധം കർമ്മ സംസ്കരണവുമാണ്. നമ്മുടെ ആത്മസംസ്കരണം നടന്നാൽ മാത്രമേ മറ്റുള്ളവരെ നന്നാക്കിത്തീർക്കാനുള്ള ശക്തി നമുക്ക് കൈവരികയുള്ളൂ. നമ്മുടെ വിജയം കൊണ്ട് ഉദ്ദേശിക്കുന്നത് ആരെയെങ്കിലും കീഴ്പ്പെടുത്തുകയോ ഭൗതിക നേട്ടങ്ങൾ കരഗതമാക്കുകയോ അല്ല. മറിച്ച് ലോകരുടെ ഹൃദയത്തെ അല്ലാഹുവിന്റെയും അവന്റെ പ്രിയ പ്രവാചകൻ صلى الله عليه وسلم യുടെയും തൃപാദങ്ങളിൽ സമർപ്പിക്കുക എന്നതാണ്. എന്നാൽ നമ്മിലും മറ്റുള്ളവരിലും ഒരു വ്യത്യാസവും ഇല്ലെങ്കിൽ നമ്മുടെ കാര്യങ്ങൾ എന്തിന് ലോകം ശ്രവിക്കണം? അതിനാൽ നമുക്ക് നമ്മുടെ പ്രവർത്തന കഴിവുകളെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ശക്തിപ്പെടുത്തുന്നതോടൊപ്പം അതിൽ അടിയുറച്ച് നിൽക്കുകയും വേണം. മറ്റുള്ളവർ നമ്മേ കീഴ്പ്പെടുത്തുന്നതിന് പകരം ലോകം നമുക്ക് കീഴ്പ്പെടണം.

ഇന്ന് ലോകർ ഭൗതികതയുടെ പിടിയിൽ അമർന്നിരിക്കുകയാണ്. അതിനാൽ നമുക്ക് മുമ്പത്തേക്കാളുപരി നമ്മുടെ അവസ്ഥയെകുറിച്ച് പുനരാലോചന നടത്തേണ്ടിയിരിക്കുന്നു. ഇങ്ങനെ ഒരു പുനർവായന നമ്മേക്കുറിച്ച് നടത്തിക്കൊണ്ട് ലോകത്തിന്റെ പിടിയിൽ അമരുന്നതിൽ നിന്നും നമ്മേ രക്ഷിക്കേണ്ടിയിരിക്കുന്നു. അതേപോലെ ഈ പൈശാചിക പ്രവണതയിൽ നിന്നും ലോകരെയും നമുക്ക് രക്ഷിക്കേണ്ടിയിരിക്കുന്നു. അങ്ങനെ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവരായി നാം മാറുന്നതാണ്. ഭൂരിഭാഗവും നാമായിത്തീരുന്നതുമാണ്.

എന്നാൽ ഈ വഴിയിൽ പലതരം തടസ്സങ്ങളുണ്ട്. ഈ തടസ്സങ്ങളെ തട്ടിമാറ്റാൻ കഴിയും വിധമുള്ള ശക്തി നമ്മുടെ ഉള്ളിൽ നാം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ലോകത്തെ നേരിടാനായി ചില ചട്ടങ്ങൾ നമുക്ക് ഉണ്ടാക്കേണ്ടതായി വരും. ആ ചട്ടങ്ങൾ ഓരോന്നും നാം പാലിക്കുകയും അതിനെ നിരീക്ഷിക്കുകയും വേണം. ഇതിനായി നമുക്ക് നമ്മുടെ ദേഹേച്ഛകളെ ത്യജിക്കേണ്ടതായിവരും. ഒരു ചുറ്റുപാട് സൃഷ്ടിക്കേണ്ടതായി വരും. ഇത് കരഗതമാക്കാത്തതുവരെ നമുക്ക് വിജയിക്കാൻ സാധ്യമല്ല.

ലോകം വളരെ ചുരുങ്ങിയിക്കുന്നു എന്ന് ഞാൻ ഒരു ഖുത്ബയിൽ പറഞ്ഞിരുന്നു. ലോകം ഒരു പട്ടണമായി മാറിയിരിക്കുന്നു. അല്ല, ഒരു കൊച്ചു ഗ്രാമമായി മാറിയിരിക്കുന്നു. ആയിരക്കണക്കിന് മൈൽ ദൂരെയുള്ള തിന്മകൾ എല്ലാ വീടുകളിലും ഇലക്ട്രോണിക്ക് മീഡിയ മുഖേന എത്തുന്നു. ആയിരക്കണക്കിന് മൈലുകൾ ദൂരെയുള്ള നാട്ടിലെ നന്മകളും ഓരോ വീട്ടിലും എത്തിക്കൊണ്ടിരിക്കുന്നു. മൊത്തത്തിൽ എടുക്കുകയാണെങ്കിൽ

തിന്മ പ്രചരിക്കുന്ന ശതമാനം നന്മ പ്രചരിക്കുന്നതിനെ അപേക്ഷിച്ച് വളരെ കൂടുതലാണ്. മുമ്പും പലവുരു ഞാൻ പറഞ്ഞതു പോലെ, നന്മയുടെയും തിന്മയുടെയും അളവുകോൾ മാറിയിരിക്കുന്നു. ഇസ്‌ലാമിക സമൂഹത്തിൽ തിന്മയായി ഗണിക്കപ്പെടുന്ന ഒന്ന് ഭൗതിക സമൂഹമായ, നിർമത സമൂഹത്തിൽ അത് ഒരു പ്രശ്നമായി എടുക്കുക പോലുമില്ല. നാം തെറ്റാണെന്ന് കരുതുന്നതിനെ ഇവർ വളരെ നിസ്സാരമായി കാണുന്നു. അതിനെ നന്മയായി കാണാൻപോലും തുടങ്ങിയിരിക്കുന്നു.

ഹ: മുസ്‌ലിഹ് മൗഊദ് ﵁ ഇതിനെ ഉദാഹരിച്ചത് ഇപ്രകാരമാണ്. പാശ്ച്യാത്ത സമൂഹത്തിൽ നൃത്തമാടുന്ന സമ്പ്രദായമുണ്ട്. ഇത് ഹ: മുസ്‌ലിഹ് മൗഊദ് ﵁ ന്റെ കാലത്ത് ഇന്നുള്ളത്ര പരസ്യമായിരുന്നില്ല. ഇതിനായി അക്കാലത്ത് പ്രത്യേക സ്ഥലങ്ങളിൽ പോകണമായിരുന്നു. എന്നാൽ ഇക്കാലത്ത് ടി.വി.യും ഇന്റർനെറ്റും ഇതിനെ എല്ലാ സ്ഥലത്തും എത്തിക്കുകയുണ്ടായി. വിനോദത്തിന്റെ പേരും പറഞ്ഞ് വീടുകൾ നൃത്ത കേന്ദ്രങ്ങൾ തന്നെയായിമാറിയിരിക്കുന്നു. വീട്ടിലെ ചില പരിപാടികളിൽ, പ്രത്യേകിച്ച് വിവാഹാവസരങ്ങളിൽ വിനോദത്തിന്റെ പേരും പറഞ്ഞ് അശ്ലീല നൃത്ത പരിപാടികളും നടത്തുന്നു. ഓരോ അഹ്മദി വീടും ഇതിൽ നിന്ന് പൂർണ്ണമായും മുക്തമായിരിക്കേണ്ടതാണ്. ഇതിലേക്ക് പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം.

ഞാൻ ഹ: മുസ്‌ലിഹ് മൗഊദ് ﵁ ന്റെ ഖുത്ബയെ ആസ്പദമാക്കിയാണ് സംസാരിച്ച് വരുന്നത്. പറയുന്നു: ''പാശ്ചാത്യ സമൂഹത്തിൽ നൃത്തമാടുന്ന ശീലം വന്നിരിക്കുന്നു. എന്നാൽ ആദ്യം ജനങ്ങൾ ഇതിനെ മോശമായാണ് കരുതിയിരുന്നത്. ഇപ്പോൾ പതുക്കെപ്പതുക്കെ ജനങ്ങൾ ഇത് സ്വീകരിക്കാൻ തുടങ്ങി. ആദ്യമൊക്കെ പുരുഷനും സ്ത്രീയും കൈപിടിച്ച് നൃത്തം ചവിട്ടുമായിരുന്നു. പിന്നീട് പരസ്പരം മുഖങ്ങൾ തമ്മിൽ കൂട്ടിച്ചേർത്തുവെച്ച് നൃത്തം ചവിട്ടാൻ തുടങ്ങി. അങ്ങനെ അവർ തമ്മിലുള്ള അകലം കുറയാൻ തുടങ്ങി.'' ഞാൻ പറഞ്ഞതു പോലെ ഇപ്പോൾ നൃത്തത്തിന്റെ പേരും പറഞ്ഞ് അശ്ലീലത്തിന് ഒരതിരും ഇല്ലാതായിപ്പോയിരിക്കുന്നു. നഗ്നമായ വസ്ത്രത്തിൽ ടി.വി.യിൽ നൃത്തം കാണിക്കുന്നു. ഇതെല്ലാം എന്തുകൊണ്ടാണ് വ്യാപിച്ചത്? കാരണം ലോകർ ഇത് തെറ്റാണെന്ന് ഒച്ചവെച്ചിട്ടും തിന്മ പ്രചരിപ്പിക്കുന്നവർ അതിൽ ഉറച്ചുനിന്നു. അവർ ലോകരുടെ വിമർശനത്തെ വകവെച്ചില്ല. അങ്ങനെ ഒരു കാലം വന്നു. അത് വിജയിക്കുകയും ചെയ്തു. ഇപ്പോൾ മുസ്‌ലിം നാടായ പാക്കിസ്ഥാനിലെ ടി.വിയിൽ പോലും വിനോദത്തിന്റെ പേരിൽ, സ്വാതന്ത്ര്യത്തിന്റെ പേരിൽ അശ്ലീലം കാണാൻ കഴിയുന്നു. നഗ്നത കാണുന്നു. തിന്മ അതിന്റെ സ്ഥിരചിത്തത കാരണം ലോകരുടെ മസ്തിഷ്ക്കത്തെ മൂടിക്കളഞ്ഞു. അതുകൊണ്ട് ഇതിനെ കീഴ്പ്പെടുത്തണമെങ്കിൽ വലിയ ത്യാഗത്തിന്റെയും വ്യക്തമായ പദ്ധതികളുടെയും ആവശ്യമാണുള്ളത്. ഇത് ചെയ്യാൻ സാധിച്ചില്ലായെങ്കിൽ നമുക്ക് നമ്മുടെ ലക്ഷ്യത്തെ പ്രാപിക്കാൻ കഴിയുകയില്ല.

അതിനാൽ വളരെയധികം ചിന്തിക്കുകയും ആലോചിക്കുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. ഈ തടസ്സങ്ങളെ അകറ്റുവാൻ ഉതകുന്ന കാര്യങ്ങൾ നമുക്ക് സ്വായത്തമാക്കേണ്ടിയിരിക്കുന്നു. അവ ഉപയോഗിച്ചുകൊണ്ട് ഈ തടസ്സങ്ങളെ നീക്കാനുള്ള ശക്തി നമുക്ക് ലഭിക്കുന്നതാണ്. തിന്മകളെ ഇതു മുഖേന നമുക്ക് നേരിടാൻ സാധിക്കുന്നതാണ്. ഇതു കരസ്ഥമാക്കുന്നതെങ്ങിനെയെന്ന് മുസ്‌ലിഹ് മൗഊദ് ﵁ വളരെ നല്ല രീതിയിൽ വിവരിച്ചിട്ടുണ്ട്.

കർമ്മസംസ്കരണത്തിനായി ചില കാര്യങ്ങൾ മനുഷ്യരിൽ ഉണ്ടായിക്കഴിഞ്ഞാൽ അവർക്ക് വിജയം കൈവരിക്കാൻ സാധിക്കുന്നതാണ്. അവ മൂന്നാണ്. ഒന്ന് ഇച്ഛാശക്തി, രണ്ട് ശരിയായതും പൂർണ്ണവുമായ അറിവ്, മൂന്ന് പ്രവർത്തിക്കാനുള്ള ശക്തി. എന്നാൽ അടിസ്ഥാനപരമായ ശക്തി രണ്ടാണ്. ഇച്ഛാശക്തിയും, കർമ്മശക്തിയും. ഇതിന്നിടയിൽ ഉള്ള ശരിയായതും പൂർണ്ണവുമായ അറിവ് എന്നത് രണ്ട് അടിസ്ഥാന ശക്തികൾക്കും ഊർജ്ജം നൽകുന്നതാണ്. ശരിയായ അറിവ് ഇച്ഛാശക്തിയെ സ്വാധീനിക്കുന്നു. കർമ്മ ശക്തിയെയും സ്വാധീനിക്കുന്നു.

ആദ്യം നാം ഓർക്കേണ്ടത്, ഇച്ഛാശക്തിയും കർമ്മശക്തിയും തന്നെയാണ് അടിസ്ഥാനപരമായ ശക്തികൾ. ഇത് കർമ്മ സംസ്കരണത്തെ സ്വാധീനിക്കുന്നതാണ്. അതിനായി ഇച്ഛാശക്തിയെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. കർമ്മ ശക്തിയിലുള്ള ന്യൂനതയെ അകറ്റേണ്ടതുമാണ്. തിന്മകളെ അകറ്റാനുള്ള നമ്മുടെ ഇച്ഛാശക്തി സുദൃഢമാണെങ്കിൽ മാത്രമാണ് നമുക്ക് തിന്മയെ തടയാൻ സാധിക്കുകയുള്ളൂ. ഇച്ഛാശക്തി ഫലപ്രദമാകുന്നത് നമ്മുടെ കർമ്മത്തിലുള്ള ബലഹീനതയും ന്യൂനതയും അകറ്റുമ്പോഴായിരിക്കും. ഇതു കൂടാതെ ഒരിക്കലും ഇസ്‌ലാഹ് നടക്കുന്നതല്ല.

ഈ വീക്ഷണകോണിൽ നാം ഒരാത്മപരിശോധന നടത്തുകയാണെങ്കിൽ, നമ്മുടെ ഇച്ഛാശക്തി ഏതു രീതിയിലാണെന്ന് നോക്കുകയാണെങ്കിൽ, ഇച്ഛാശക്തിയിൽ വളരെയധികം ന്യൂനതയുള്ളതായി കാണാവുന്നതാണ്. ജമാഅത്തിലുള്ള അധികം ആളുകളും തങ്ങളിൽ തഖ്‌വയും വിശുദ്ധിയും ഉണ്ടായിത്തീരണം എന്നും അങ്ങനെ ഇസ്‌ലാമിക കൽപ്പനകളെ പ്രചരിപ്പിക്കുന്നവരും അല്ലാഹുവിന്റെ സ്നേഹവും അവന്റെ സാമീപ്യവും കരസ്തമാക്കണം എന്നും ആഗ്രഹിക്കുന്നവരാണ്.

ഹ: മുസ്‌ലിഹ് മൗഊദ് ﵁ ഇതിനെ ഇപ്രകാരമാണ് വിശദീകരിച്ചത്. ഇതെല്ലാം തന്നെ തെളിയിക്കുന്നത്, നമ്മുടെ ഇച്ഛാശക്തി സുദൃഢവും ശക്തവുമാണെന്നാണ്. എന്നിട്ടും പരിണിത ഫലം ശരിയാവുന്നില്ല. അതിനാൽ രണ്ടിലൊന്ന് നാം സ്വീകരിക്കേണ്ടതായിവരും. ഒന്നുകിൽ പ്രവർത്തനങ്ങൾക്കായി വേണ്ടത്ര ഇച്ഛാശക്തി നമുക്കില്ല. വിശ്വാസത്തിനാവശ്യമായ ഇച്ഛാശക്തി നമ്മിൽ ഉണ്ടായിരുന്നു. അതിനാൽ വിശ്വാസങ്ങളെ നാം ശരിപ്പെടുത്തി. എന്നാൽ കർമ്മ സംസ്കരണത്തിനായി ഇച്ഛാശക്തി ആവശ്യമായിരുന്നു. അത് നമ്മിൽ ഇല്ല. അതിനാൽ കർമ സംസ്കരണത്തിൽ നമുക്ക് വിജയിക്കാൻ സാധിച്ചില്ല. മാത്രമല്ല നമ്മുടെ ദാസത്വത്തിൽ, അല്ലാഹുവിനെ ആരാധിക്കുന്നതിൽ എന്തോ കുറവുണ്ട്. അത് കാരണം നമ്മുടെ കർമശക്തി ദുർബലമായിരിക്കുന്നു. അത് നമ്മുടെ ഇച്ഛാശക്തിയുടെ സ്വാധീനത്തെ സ്വീകരിക്കാത്തതായി മറിയിരിക്കുന്നു. നമ്മുടെ കർമ്മശക്തി ദുർബലമായതു കാരണം ഇച്ഛാശക്തിയുടെ സ്വാധീനം സ്വീകരിക്കുന്നില്ല. ഇവ സ്വീകരിക്കുന്നതിന് ആവശ്യമായ സഹായികളിൽ ബലഹീനതയുണ്ടാകും. ഈ അവസ്ഥയിൽ കർമ്മശക്തിയെ സ്വാധീനിക്കുന്ന വസ്തുക്കൾക്ക് വേണ്ടി ചികിത്സ നടത്താത്തിടത്തോളം ഒരു പ്രയോജനവും ഉണ്ടാകില്ല.

ഉദാഹരണമായി ഒരു വിദ്യാർത്ഥിയെ എടുക്കാം.

അവൻ തന്റെ പാഠം പാഠിക്കുന്നു. എന്നാൽ അത് അവൻ മറന്ന് പോകുന്നു. ആ വിദ്യാർത്ഥിയുടെ ഓർമശക്തി ശരിയാക്കാത്തിടത്തോളം അവനെ എത്ര തന്നെ പഠിപ്പിച്ചാലും, എത്ര പ്രാവശ്യം അവൻ മനഃപാഠമാക്കാൻ ശ്രമിച്ചാലും അത് അവന് ഓർത്തുവെക്കാൻ കഴിയില്ല. അതിനാൽ ഓർമ്മശക്തിയെ ശരിയാക്കുവാനുള്ള മാർഗങ്ങൾ അന്വേഷിക്കേണ്ടതായി വരും. അപ്പോഴാണ് ശരിയായ രീതിയിൽ അവന് വഴി കാട്ടിക്കൊടുക്കാൻ സാധിക്കുകയുള്ളൂ. അതല്ലെങ്കിൽ ശിക്ഷണരീതി മറ്റേണ്ടതായി വരും.

പാക്കിസ്ഥാനിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ശീലം എല്ലാം മനഃപാഠമാക്കുക എന്നതാണ്. അതവർക്ക് മനസ്സിലായാലും ഇല്ലെങ്കിലും ശരി. ഈ രീതിയിലാണ് അവിടെ അവർ തയ്യാറെടുപ്പ് നടത്തുന്നത്. അതിൽ അവർക്ക് നല്ല കഴിവാണ്. പുസ്തകത്തിലുള്ള ഓരോ വാക്കും ചിലർക്ക് മനഃപാഠമായിരിക്കും. എന്നാൽ പാശ്ചാത്യ നാടുകളുടെ ശിക്ഷണരീതിയിലേക്ക് ആ കുട്ടികൾ വരുമ്പോൾ, ഇവിടെ എല്ലാം മനസ്സിലാക്കി പഠിക്കുന്ന വ്യത്യസ്ഥമായ ശിക്ഷണരീതി ആയതുകൊണ്ട്, അവിടെ കുറഞ്ഞ മാർക്ക് വാങ്ങുന്നവർ ഇവിടെ നല്ല മാർക്ക് കരസ്ഥമാക്കുന്നു. ഇവിടെയുള്ള സംവിധാനത്തിൽ അവർ തങ്ങളെ വേഗം ലയിപ്പിക്കുന്നു. അവിടെ കൂടുതൽ മാർക്ക് കരസ്ഥമാക്കിയിരുന്നവർ ഇവിടെ എത്തുമ്പോൾ കുറഞ്ഞ മാർക്ക് വാങ്ങുന്നവരുമുണ്ട്.

റബ്വയിൽ നമ്മുടെ സ്കൂളുകളെ ചില സാഹചര്യങ്ങൾ കാരണം ഗവൺമെന്റ് ബോർഡിൽ നിന്നും മാറ്റിക്കൊണ്ട് മറ്റൊരു ബോർഡുമായി യോജിപ്പിക്കുകയുണ്ടായി. അവിടെ പരീക്ഷാരീതി മറ്റൊന്നായിരുന്നു. അപ്പോൾ പല വിദ്യാർത്ഥികളും ഇപ്രകാരം എഴുതുകയുണ്ടായി, പാക്കിസ്ഥാനീ വിദ്യാഭ്യാസ രീതിയനുസരിച്ച് ഞങ്ങൾ പരീക്ഷയിൽ കരസ്ഥമാക്കാറുണ്ടായിരുന്നത്ര മാർക്ക് ഇപ്പോൾ ലഭിക്കുന്നില്ല. എന്താണ് സംഭവിച്ചത് എന്ന് ഞങ്ങൾക്കറിയില്ല. ചിലപ്പോൾ ബുദ്ധിയുടെ കുറവായിരിക്കില്ല. അവർക്ക് ശരിയായ ഓർമ്മ ശക്തിയുണ്ടെങ്കിൽ തന്നെയും ഓർമ്മവെക്കാൻ കഴിയുന്നുണ്ടാകില്ല. അതിന് മറ്റു കാരണങ്ങളും ഉണ്ടാകും. എന്നാൽ ഇതോടൊപ്പം ബുദ്ധിയും കുറവാണെങ്കിൽ അവർക്ക് വളരെയധികം പ്രയാസം നേരിടേണ്ടിവരുന്നു. പഠിപ്പിക്കേണ്ട രീതി മാറ്റേണ്ടതായി വരുന്നു. ബുദ്ധി കുറവുള്ള കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കാനായി ഇവിടെ വേറെത്തന്നെ സ്കൂളുകൾ ഉണ്ട്. അവിടെ അവരെ പ്രത്യേകം ശ്രദ്ധിച്ച് പഠിപ്പിക്കുന്നത് കാരണം ബുദ്ധി കുറഞ്ഞ കുട്ടികൾ തന്നെ നല്ല മിടുക്കന്മാരായി മാറുകയും ചെയ്യുന്നു.

ചുരുക്കത്തിൽ നമ്മുടെ പ്രവർത്തന രീതിയും അസ്വസ്തമാക്കാറുണ്ട്. ശരിയായ രീതി നാം അവലംഭിക്കുന്നില്ലെങ്കിൽ വിജയം നമുക്ക് ലഭിക്കാതെ വരുന്നു. അതിനാൽ പ്രവർത്തി ചെയ്യാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള രീതിയിൽ നമ്മുടെ മസ്തിഷ്കത്തെ ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു. അതില്ലാതെ വിജയം കൈവരിക്കാൻ സാധ്യമല്ല. അതിനാൽ നമുക്ക് നമ്മുടെ കർമ്മ സംസ്കരണത്തിന്റെ അവസ്ഥയെകുറിച്ചും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നാം നന്മ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും നമ്മുടെ മസ്തിഷ്കത്തിന്റെ ഏതൊരു ഭാഗത്തേയാണോ ഇത് സ്വാധീനിച്ചുകൊണ്ട് നമ്മുടെ കർമ്മസംസ്കരണം സാധ്യമാക്കുന്നത് ആ ഭാഗത്തെ എന്തുകൊണ്ട് സ്വാധീനിക്കുന്നില്ല എന്ന് നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. ഈ തടസ്സങ്ങളെ നീക്കാനായി നമുക്ക് പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതേപോലെ നമ്മുടെ ആരാധനയുടെ സ്ഥാനം ഏതാണെന്നും നമുക്ക് നോക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം പ്രവർത്തന രംഗത്ത് നാം എത്രമാത്രം പരിശ്രമിക്കുന്നുണ്ടെന്നും നമുക്ക് നോക്കേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ രണ്ട് രീതിയിലുള്ള തടസ്സങ്ങളാണ് കർമ്മ സംസ്കരണത്തിന് വരുന്നത്. ഒന്ന് ഇച്ഛാശക്തിയിലുള്ള ബലഹീനത, രണ്ടാമത്തേത് പ്രവർത്തന ശക്തിയിലുള്ള ബലഹീനത. മുമ്പ് പറയപ്പെട്ടതുപോലെ ഇതു രണ്ടിനുമിടയിൽ മറ്റൊന്നുകൂടിയുണ്ട്. അത് അറിവിലുള്ള കുറവാണ്. ഇത് രണ്ടിലും സ്വാധീനം ചെലുത്തുന്നതാണ്. നാം നമ്മുടെ കർമ രംഗത്ത് കാണുന്നത് ഇച്ഛകളും അറിവുമായി ബന്ധപ്പെട്ടു നിൽക്കുന്നു, കർമ്മങ്ങളും അറിവുമായി ബന്ധപ്പെട്ടു നിൽക്കുന്നു എന്നതാണ്. ഇതിനെ ഇപ്രകാരം ഉദാഹരിക്കാം. ആയിരം പേരടങ്ങുന്ന ഒരു സൈന്യം തന്നെ ആക്രമിക്കാൻ വരുന്നുണ്ടെന്ന് അറിയാത്ത ഒരു വ്യക്തി, അവൻ അറിയുന്നത് തന്നെ അക്രമിക്കാൻ കുറച്ചു പേർ വരുന്നുണ്ടെന്നും അതിൽ രണ്ടോ മൂന്നോ പേർ ഉണ്ടായിരിക്കാമെന്നും ആണെങ്കിൽ അവരെ നേരിടാൻ അതനുസരിച്ച് മാത്രമേ അയാൾ തയ്യാറെടുക്കുകയുള്ളൂ. എന്നാൽ 1000 പേരടങ്ങുന്ന വലിയ സൈന്യമാണ് തന്നെ അക്രമിക്കാൻ വരുന്നതെന്ന അറിവ് അയാൾക്ക് ഉണ്ടായിക്കഴിഞ്ഞാൽ അതിനുള്ള തയ്യാറെടുപ്പ് വേറൊരു രീതിയിലായിരിക്കും.

ഇവിടെ അറിവില്ലാത്തു കാരണം ന്യൂനത പ്രകടമാണ്. ശരിയായ അറിവ് ഇച്ഛാ ശക്തിയെ വർദ്ധിപ്പിക്കുന്നു. ചിലപ്പോൾ മനുഷ്യൻ ഏതെങ്കിലും ഒരു വസ്തുവിനെ ഉയർത്താൻ ശ്രമിക്കുന്നു. നല്ല ഭാരമുള്ള ഒരു വസ്തുവിനെ ഭാരമില്ലാത്ത വസ്തുവായിക്കരുതി പൊക്കാൻ ശ്രമിച്ചാൽ പൊക്കാൻ സാധിക്കുകയില്ല. എന്നാൽ അത് നല്ല ഭാരമുള്ളതാണെന്ന അറിവ് ആദ്യം അവന് ലഭിച്ചാൽ അത് ഉയർത്താനായി അതിന് വേണ്ടത്ര ശക്തി അവൻ ചെലുത്തുന്നതായിരിക്കും. അത് ഉയർത്തേണ്ട രീതി അവൻ മാറ്റും. അങ്ങനെ അവൻ അത് ഉയർത്തുന്നു. ഇവിടെ അറിവിന് ശേഷം ഉയർത്തിയപ്പോൾ അവന് പുറമേ നിന്ന് ശക്തിയൊന്നും വന്നതല്ല. മറിച്ച് ശരിയായ അറിവ് ഉണ്ടായ കാരണത്താൽ തന്റെ ശക്തിയെ ശരിയായ രീതിയിൽ അവൻ ഉപയോഗിച്ചു. അതിൽ അവൻ വിജയിക്കുകയും ചെയ്തു.

അല്ലാഹു നൽകിയ കഴിവുകൾ നേരത്തെയുണ്ട്. ആ കഴിവുകളെയും ശക്തികളെയും ശരിയാംവണ്ണം ഉപയോഗിച്ചാൽ കാര്യങ്ങൾ എളുപ്പം നടക്കുന്നതാണ്. അതല്ലെങ്കിൽ നല്ല രീതിയിൽ കാര്യങ്ങൾ നടക്കുകയില്ല. ഇത് അറിവുകാരണമാണ് നടക്കുന്നത്. നമ്മുടെ കഴിവുകളെ ശരിയായരീതിയിൽ ഉപയോഗിക്കുന്നില്ലെങ്കിൽ പൊതുകാര്യങ്ങളിൽ പോലും നഷ്ടം സംഭവിക്കുന്നതാണ്.

അതിനാൽ പ്രവർത്തനപരമായ ബലഹീനതകളെ അകറ്റാൻ ശരിയായ അറിവും ശരിയായ ഉപയോഗവും അനിവാര്യമാണ്. അതിനായി നമ്മുടെ അറിവിനെ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. അതുമുഖേന ശരിയായ ശക്തി ഉപയോഗിച്ചുകൊണ്ട് തന്റെ ബലഹീനതകളെ കീഴ്പ്പെടുത്താൻ സാധിക്കുന്നതാണ്.

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه മറ്റൊരു കാര്യം പറഞ്ഞത്, അല്ലാഹു ഓരോ മനുഷ്യനിലും തുലനം ചെയ്യാനുള്ള ശക്തി വെച്ചിട്ടുണ്ട് എന്നാണ്. അതു മുഖേന രണ്ടു കാര്യങ്ങളെ അവർക്ക് താരതമ്യം ചെയ്യാൻ സാധിക്കുന്നതാണ്. ഇന്ന പ്രവർത്തിക്ക് ഇത്ര കഴിവുവേണമെന്ന് അവന് മനസ്സിലാക്കാൻ സാധിക്കുന്നു.

മനുഷ്യന്റെ ശക്തികളെല്ലാം അവന്റെ കൈക്കല്ല ഉള്ളത്. അവ മസ്തിഷ്കത്തിലാണ് ശേഖരിക്കപ്പെട്ടിട്ടുള്ളത്. ആദ്യം ഒരു പ്രവൃത്തി ചെയ്യാൻ കഴിയാതെ വരുമ്പോൾ, ഭാരം പൊക്കുന്നതിനെ കുറിച്ചുള്ള ഉദാഹരണം മുകളിൽ നൽകുകയുണ്ടായി, ഭാരം പൊക്കാൻ കഴിയുന്നില്ലെങ്കിൽ അവൻ തന്റെ മസ്തിഷ്കത്തോട് കൂടുതൽ ശക്തി അയക്കാൻ ആവശ്യപ്പെടുന്നു. ഈ ശക്തി വരുമ്പോൾ വസ്തുവിനെ ഉയർത്തൽ എളുപ്പമായിത്തീരുന്നു. ഈ തുലനം ചെയ്യാനുള്ള ശക്തിയും അറിവുമുഖേനയാണുണ്ടാകുന്നത്. ആന്തരിക അറിവിനാലായാലും ശരി, ഇനി ബാഹ്യമായ അറിവിനാലായാലും ശരി. ആന്തരിക അറിവുകൊണ്ട് നിരീക്ഷണവും അനുഭവവും, ബാഹ്യമായ അറിവ് എന്നതുകൊണ്ട് പുറമേനിന്ന് വരുന്ന ശബ്ദവുമാണ് ഉദ്ദേശിക്കുന്നത്. അത് നമുക്ക് കേൾക്കാൻ സാധിക്കുന്നു. ആക്രമിക്കാൻ വരുന്നതിനെ കുറിച്ച് ഉദാഹരണം നൽകിയിരുന്നു. പുറമേ നിന്നുള്ള സന്ദേശം മനുഷ്യനെ ഉണർത്തുന്നു. എന്നാൽ ഭാരം ഉയർത്താനുള്ള ഉദാഹരണത്തിൽ പറഞ്ഞത് തുലനം ചെയ്യാനുള്ള ശക്തി സ്വയം തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ആദ്യം ആ ഭാരം പൊക്കാൻ കഴിയാതിരുന്നത് അതിനെ ഭാരമില്ലാത്ത വസ്തുവായി കരുതിയതുകൊണ്ടാണ്. 10 കിലോ ഉള്ള വസ്തുവിനെ 5 കിലോ ഉള്ള വസ്തുവായി കരുതി. അതിനാൽ കുറഞ്ഞ ശക്തിയാണ് നൽകിയിരുന്നത്. എന്നാൽ പത്ത് കിലോ പൊക്കാൻ വേണ്ട ശക്തി പ്രയോഗിക്കുകയാണെങ്കിൽ തീർച്ചയായും അത് പൊക്കാൻ സാധിക്കുന്നതാണ്.

ഈ ഒരു തത്വത്തെ നാം മുമ്പിൽ വെക്കുകയാണെങ്കിൽ കർമ്മ സംസ്കരണത്തിനായി മനുഷ്യൻ ശ്രമിക്കുമ്പോൾ അവന്റെ തുലനം ചെയ്യാനുള്ള ശക്തി തന്റെ പരിശ്രമത്തിന് എന്ത് മാത്രം ശക്തി ഉപയോഗിക്കേണ്ടിവരുമെന്ന് തീരുമാനമെടുക്കുന്നതാണ്. ചിലപ്പോൾ ശരിയായ അറിവ് ഇല്ലാത്ത കാരണം തന്റെ കർമ്മങ്ങളെ ശരിയാക്കാൻ മനുഷ്യന് കഴിയാതെ വരുന്നു. അറിവില്ലാത്തതു കാരണം തുലനം ചെയ്യാനുള്ള ശക്തിയും കർമ്മ സംസ്കരണത്തിനായി എത്ര ശക്തിവേണമെന്നുള്ളതിനുള്ള ശരിയായ അളവിനെക്കുറിച്ചുള്ള അറിവും അവന് നൽകുന്നില്ല. ചുരുക്കത്തിൽ തുലനം ചെയ്യാനുള്ള കഴിവാണ് മനുഷ്യനെ ജാഗരൂകരാക്കുന്നത്. അതിന്റെ അറിവില്ലായ്മ മനുഷ്യനെ അശ്രദ്ധനാകുകയും ചെയ്യുന്നു. അതേപോലേ തുലനം ചെയ്യാനുള്ള കഴിവ് ഉണ്ടാകുന്നതും ഏതെങ്കിലും വസ്തുവിനെക്കുറിച്ചുള്ള അറിവ് ഉണ്ടാകുമ്പോഴാണ്. അറിവുണ്ടെങ്കിൽ എങ്ങിനെ, എത്ര ഉപയോഗിക്കണം എന്നത് പറഞ്ഞുതരും. അറിവില്ലെങ്കിൽ മനുഷ്യന് വേണ്ട രീതിയിൽ പ്രവർത്തിക്കാൻ കഴിയില്ല. ശരിയായ അറിവില്ലാത്തതു കാരണം മനുഷ്യൻ തെറ്റു ചെയ്യുന്നു. ഉദാഹരണമായി തെറ്റുകൾ ചെയ്യുന്ന ഒരു സംഘത്തിൽ വളരുന്ന കുട്ടി കളവ് പറയാതെ ലോകത്ത് ജീവിക്കാൻ കഴിയില്ലെന്ന് സ്ഥിരമായി സംസാരം നടക്കുന്ന സദസ്സിലാണെങ്കിൽ ആ കുട്ടി അതിനെ ശരിയാണെന്ന് മനസ്സിലാക്കും.

ഇവിടെ ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ അസൈലം കരസ്ഥമാക്കാനായി വരുന്നവരിൽ ഭൂരിഭാഗവും കരുതുന്നത് നീണ്ട കഥകൾ പറഞ്ഞ്, കള്ള കഥകൾ കെട്ടിയുണ്ടാക്കി സമർപ്പിച്ചാലാണ് കേസ്സ് വിജയിക്കുകയുള്ളൂ എന്നാണ്. ഇതു സംബന്ധമായി പലവുരു ഞാൻ പറഞ്ഞിട്ടുള്ളത് ചുരുങ്ങിയതും ശരിയായതുമായ കാര്യം നിങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽ കേസ്സ് വേഗം വിജയിക്കും എന്നതാണ് ശരി. ഇതു സംബന്ധമായ പല ഉദാഹരണങ്ങളും എന്റെ പക്കലുണ്ട്. ഞങ്ങൾ ചുരുങ്ങിയതും യഥാർത്ഥവുമായ കാര്യങ്ങൾ പറഞ്ഞപ്പോൾ കേസ്സ് കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ പാസായി എന്ന് എന്നോട് പലരും പറഞ്ഞിരുന്നു. അതിന് നിങ്ങൾ ഇത്രമാത്രം സമർപ്പിച്ചാൽ മതി. ഞങ്ങളെ മാനസികമായി പീഢിപ്പിക്കുകയാണ്. സഹിക്കാൻ കഴിയുന്നതിനപ്പുറമെത്തിയിരിക്കുന്നു. അവിടെ എപ്പോഴും ഞങ്ങളും ഭയന്നുകൊണ്ടാണ് ജീവിക്കുന്നത്. അതുപോലെ മക്കളുടെ സ്ഥിതിയും ഇതാണ്. പല പ്രയാസങ്ങളും ഉണ്ട്. സ്കൂളിൽ പോകാൻ കഴിയില്ല. സ്കൂളിൽ ബുദ്ധിമുട്ടിപ്പിക്കുന്നു. ഇങ്ങനെയുള്ള പല കാര്യങ്ങളും സമർപ്പിക്കാം പൊതുവിൽ ഭൂരിഭാഗവും കേസ്സും പാസ്സാകാറുണ്ട്. അതിനാൽ സത്യത്തിൽ അടിയുറച്ചു നിൽക്കണം. അല്ലഹുവിൽ തവക്കുൽ ചെയ്യുകയും വേണം. കള്ള കഥകൾ കുട്ടികളുടെ മുമ്പാകെ വിവരിച്ചാൽ, ഞങ്ങൾ ജഡ്ജിന്റെ മുമ്പാകെ അതും ഇതും കേൾപ്പിച്ചു എന്ന് കുട്ടികളുടെ മുമ്പാകെ വിവരിച്ചാൽ, പിന്നീട് കുട്ടികൾ കരുതുന്നത് കള്ളം പറയുന്നതുകൊണ്ട് ദോശമൊന്നുമില്ലെന്നാണ്. കളവ് പറഞ്ഞില്ലായിരുന്നെങ്കിൽ ഞങ്ങളുടെ കേസ്സ് വിജയിക്കുമായിരുന്നില്ല. ഞങ്ങൾക്ക് ഒരു ഗുണവും ലഭിക്കുമായിരുന്നില്ല എന്നവർ കരുതും. എല്ലാ പുരോഗതിയുടെയും താക്കോൾ കളവാണ് എന്നുള്ള കാഴ്ചപ്പാടിലേക്ക് അവർ എത്തിച്ചേരും. ഇക്കാലത്ത് സത്യം പറയുന്നവർ ആരാണുള്ളത്. ഇക്കാലത്ത് കളവ് പറയാതെ ഒരിക്കലും വിജയം വരിക്കാൻ സാധ്യമല്ലെന്ന ചിന്തയും കുട്ടികളുടെ മനസ്സിൽ വരുന്നു.

ചുരുക്കത്തിൽ ഈ കാര്യങ്ങളെല്ലാം തന്നെ കുട്ടികളുടെ മനസ്സിൽ വരുന്നത് അവരുടെ മുതിർന്നവരുടെ വാക്കുകൾ കേട്ടുകൊണ്ടാണ്. അവരുടെ അറിവ് ഇവിടെ പരിമിതമാകുന്നു. കളവ് പറയുന്നത് വലിയ തെറ്റല്ലാ എന്ന ചിന്ത അവർക്കുണ്ടാകുന്നു. ഇതിന്റെ പരിണിത ഫലം വ്യക്തമാണ്. കുട്ടികൾ വലുതായതിനു ശേഷം അവർക്ക് കളവ് പറയാൻ എവിടെയെങ്കിലും അവസരം ലഭിക്കുകയാണെങ്കിൽ അവന്റെ തുലനം ചെയ്യാനുള്ള ശക്തി ഉടനെ അവനോട് പറയുന്നത് അപകടം കൂടുതലാണ്, അതുകൊണ്ട് കളവ് പറഞ്ഞ് രക്ഷപ്പെടാം ഒരു പ്രശ്നവും ഉണ്ടാകില്ല എന്നാണ്.

ഇതേ പോലെ പരദൂഷണത്തിന്റെ കാര്യം എടുക്കുക. കുട്ടികൾ തനിക്ക് ചുറ്റും എല്ലാവരും പരദൂഷണം പറയുന്നതായി കണ്ടാൽ, അവൻ വലുതായി, പരദൂഷണത്തിന്റെ അവസരം അവന് വരുമ്പോൾ അവൻ മനസ്സിലാക്കുന്നത് ഇവിടെ പരദൂഷണം പറഞ്ഞാൽ എനിക്ക് നേട്ടമുണ്ടാകും എന്നാണ്. അപ്പോൾ അവന്റെ തുലന ശക്തി അവനോട് പറയും എല്ലാവരും പരദൂഷണം പറയുന്നില്ലെ, ഇനി നീ പറഞ്ഞാൽ എന്താണ് പ്രശ്നം അതുകൊണ്ട് നീയും പറയുക. ഇത് പാപമാണെങ്കിൽ തന്നെ അത്ര വലിയ പാപമൊന്നുമല്ല.

കർമ്മ സംസ്കരണത്തിൽ തടസ്സമായിവരുന്ന ഒരു കാര്യം ചില പാപങ്ങൾ വലുതും ചിലത് ചെറുതും എന്ന് കരുതുകയാണെന്ന കാര്യം ഒരു ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. ചെറിയ തെറ്റുകൾ ചെയ്യുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലെന്ന് കരുതുന്നു. ഒരു പ്രാവശ്യം മനുഷ്യൻ തെറ്റു ചെയ്താൽ പിന്നീട് അവനത് ചെയ്തുകൊണ്ടിരിക്കും. തുലനം ചെയ്യാനുള്ള ശക്തി മനുഷ്യനിലുണ്ടാകും. എന്നാൽ സമൂഹം നൽകിയ തെറ്റായ അറിവ് കാരണം പാപങ്ങളെ കീഴടക്കനുള്ളത്ര ശക്തി അത് മനുഷ്യന് നൽകുന്നില്ല. ഭാരം ഉയർത്താനുള്ള ഉദാഹരണം നേരത്തെ നൽകിയതാണ്. കുറഞ്ഞ ശക്തിക്ക് ഒരു ഭാരം ഉയർത്താൻ കഴിഞ്ഞില്ല.

എന്നാൽ മസ്തിഷ്കം കൂടുതൽ ശക്തി ചെലുത്താൻ പ്രേരണ നൽകിയപ്പോൾ അതേ കൈ തന്നെ വലിയ ഭാരം ചുമക്കാൻ പ്രാപ്തി കൈവരിച്ചു. മനുഷ്യന്റെ തുലന ശക്തി മസ്തിഷ്ക ത്തിന് ഭാരത്തിന്റെ അളവ് നൽകുന്നില്ലെങ്കിൽ ആ വസ്തു ഉയർത്താൻ കഴിയില്ല. ഇതേപോലെ പാപങ്ങളെ ഇല്ലാതാക്കാനും ഇതേ തത്വമാണ് പ്രവർത്തിക്കുന്നത്. പാപങ്ങൾ മായിച്ചു കളയാനുള്ള കഴിവ് മനുഷ്യനിലുള്ളതാണ്. എന്നാൽ പാപം മുമ്പിൽ വരുമ്പോൾ തുലനശക്തി അവനോട് പറയുന്നത് ഈ പാപം ചെയ്തതുകൊണ്ട് എന്തുവരാനാണെന്നാണെങ്കിൽ, ഇത് ചെറിയ പാപമല്ലേ ഇതു ചെയ്യുന്നതുകൊണ്ട് പലനേട്ടങ്ങളും ലഭിക്കുകയും ചെയ്യും എന്നാണെങ്കിൽ മഷ്തിഷ്കം പാപം ചെയ്യാതിരിക്കാനുള്ള ശക്തി അയക്കുകയില്ല. ആ വികാരം ഇല്ലാതായി ത്തീരുന്നു. അവന്റെ ഇച്ഛാശക്തി നശിച്ചു പോയെന്ന് നമുക്ക് പറയാൻ സാധിക്കുന്നതാണ്. ആ വ്യക്തി പാപം ചെയ്യുന്നു.

ചുരുക്കത്തിൽ കർമങ്ങൾ ശരിയാക്കുന്നതിന് മൂന്ന് കാര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്. ഇത് ഇച്ഛാ ശക്തിയെ പ്രബലപ്പെടുത്തേണ്ടിയിരിക്കുന്നു. അറിവ് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കർമ്മ ശക്തിയിൽ ഊർജ്ജം ഉണ്ടാക്കണം.

അറിവിന്റെ വർദ്ധനവ് ഇച്ഛാ ശക്തിയെ വർദ്ധിപ്പിക്കുന്നതാണെന്ന കാര്യം നാം ഓർക്കേണ്ടതാണ്. അറിവ് വർദ്ധിക്കുന്നതനുസരിച്ച് ഇച്ഛാ ശക്തിയും വർദ്ധിക്കുന്നു. അതല്ലെങ്കിൽ അത് പ്രവർത്തിക്കാൻ തയ്യാറാകുന്നു എന്ന് പറയാം. ഇതിന്റെയെല്ലാം ചുരുക്കം ഇതാണ്. കർമ്മസംസ്കരണത്തിനായി നമുക്ക് മൂന്ന് കാര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്. **ഒന്ന്** ഇച്ഛാ ശക്തി, വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തി കൈവരിക്കണം. **രണ്ട്** അറിവിലുള്ള വർദ്ധനവ്. ഇച്ഛാ ശക്തി നമ്മുടെ ഉത്തരവാദിത്വങ്ങളെ മനസ്സിലാക്കുന്നതായിത്തീരണം. തെറ്റും ശരിയും തിരിച്ചറിയണം. ശരിയായതിനെ പിന്തുണക്കുകയും അത് ചെയ്യാനായി പൂർണ്ണമായും ശക്തി നൽകുകയും ചെയ്യുക. **മൂന്ന്** കർമശക്തിയിലുള്ള ഊർജ്ജം. നമ്മുടെ അവയവങ്ങൾ നമ്മുടെ ഉദ്ദേശ്യമനുസരിച്ച് പ്രവർത്തിക്കുന്നതാകണം. ദുരുദ്ദേശ്യങ്ങളനുസരിച്ചല്ല മറിച്ച് സദുദ്ദേശ്യങ്ങളനുസരിച്ച്.

അതിന്റെ കൽപനകൾ അനുസരിക്കുന്നതിൽ ഒരിക്കലും നിഷേധാത്മക നിലപാടെടുക്കരുത്. ഈ കാര്യങ്ങൾ തെറ്റുകളിൽ നിന്ന് മോചനം നൽകുന്നതും കർമസംസകരണത്തിനുള്ള അടിസ്ഥാന മാർഗങ്ങളുമാണ്. നമുക്ക് നമ്മുടെ ഇച്ഛാശക്തിയെ തന്റെ ശക്തികൊണ്ടും കഴിവുകൊണ്ടും നിയമാനുസൃതവും തന്റെ ആജ്ഞകളെ അംഗീകരിപ്പിക്കുന്ന ഉന്നത ഉദ്യോഗസ്ഥനെ പോലെയാക്കി മാറ്റേണ്ടിയിരിക്കുന്നു. ഒരുവിധ ഒഴിവുകഴിവും തന്നെ കീഴ്പ്പെടുത്തുന്നതാക്കരുത്. ചെറിയ തെറ്റും വലിയ തെറ്റും എന്നെല്ലാമുള്ള സ്വയംകൃത വ്യാഖ്യാനങ്ങൾ തെറ്റുകൾക്ക് നൽകാതെ തെറ്റുകൾ നമ്മേ കീഴ്പ്പെടുത്തുന്നതിൽനിന്നും തടയേണ്ടതായിവരും. യഥാർഥ അറിവ് നമ്മെ പരാജയത്തിൽ നിന്നും സംരക്ഷിക്കുന്നതാണ്. തുലനശക്തിയുടെ തെറ്റായ അറിവ് കാരണമാണ് പരാജയം ഉണ്ടാകുന്നത്. അതിനുള്ള ഉദാഹരണം ഞാൻ നൽകിക്കഴിഞ്ഞതാണ്. വികാരം തന്നെ നശിച്ചു പോകുന്നു. ചെറിയ തെറ്റ് വലിയ തെറ്റ് എന്ന കണക്കു കൂട്ടലിൽ മനുഷ്യൻ അകപ്പെടുന്നു. സംസ്കരണത്തിനുള്ള അവസരം കൈവിട്ടുപോകുന്നു. ചിലപ്പോൾ അറിവില്ലാത്തതു കാരണം തുലനശക്തി എന്തുചെയ്യണം എന്ന് തീരുമാനമെടുക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷത്തിലേക്കെത്തിച്ചേരുന്നു. കർമശക്തി ഊർജമുള്ളതായിത്തീരുമ്പോൾ ഇച്ഛാശക്തിയുടെ ചെറിയ ചെറിയ സൂചനകളെപ്പോലും അത് സ്വീകരിക്കുന്നതാണ്.

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه മറ്റൊരു കാര്യം ഇവിടെ വിവരിച്ചത് ഇതാണ്. കർമശക്തിയുടെ ബലഹീനത രണ്ട് രീതിയിലാണ് പ്രകടമാകുന്നത്. ഹഖീഖി, ഗൈർ ഹഖീഖി. ഗൈർ ഹഖീഖി എന്ന് പറഞ്ഞാൽ ശക്തി ഉണ്ടാകും. ശീലം ഇല്ലാത്തതു കാരണമായി ആ ശക്തി തുരുമ്പെടുത്തിരിക്കും. ഹഖീഖി എന്ന് പറഞ്ഞാൽ ദീർഘകാലം ഉപയോഗിക്കാതിരുന്നതു കാരണം അത് മൃതമായിക്കഴിഞ്ഞിരിക്കും. അതിന് പുറമേ നിന്നുള്ള സഹായവും പിന്തുണയും ആവശ്യമയി വരും. ഗൈർ ഹഖീഖി എന്നതിനുള്ള ഉദാഹരണം 40 കിലോ ഭാരം പൊക്കാൻ കഴിവുള്ള ഒരു വ്യക്തിയുടേതാണ്. എന്നാൽ ജോലിചെയ്യുന്ന ശീലം ഇല്ലാത്തതുകാരണം അയാളോട് ഭാരം പൊക്കാൻ പറഞ്ഞാൽ അയാൾ അസ്വസ്തനായിത്തീരുന്നു. പൊക്കാൻ കഴിയില്ല. അങ്ങനെയുള്ള വ്യക്തി തന്നിൽ സമ്മർദ്ദം ചെലുത്തുകയാണെങ്കിൽ ആ ഭാരം പൊക്കാൻ കഴിയുന്നവനായി മാറും. അതിൽ അയാൾ വിജയിക്കും.

ഹഖീഖി എന്നതിന്റെ ഉദാഹരണം ദീർഘകാലം ജോലി ചെയ്യാതിരുന്നതു കാരണം ചെയ്യാനുള്ള കഴിവ് തന്നെ ഇല്ലാതായിത്തീരുന്നവനാണ്. പത്തോ ഇരുപതോ കിലോ ഭാരം പൊക്കാനുള്ള ശേഷിയേ ഉണ്ടാകുകയുള്ളൂ. അങ്ങനെയുള്ള വ്യക്തിക്ക് കൂടുതൽ ഭാരം പൊക്കാനായി സഹായികളെ നൽകേണ്ടിവരും. ഇസ്‌ലാഹിന് വേണ്ടി മറ്റു മാർഗ്ഗങ്ങൾ അവലംഭിക്കേണ്ടതായിവരും. അവന്റെ ഇച്ഛാ ശക്തിയേയും കർമശക്തിയേയും വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗങ്ങൾ നോക്കണം.ചുരുക്കത്തിൽ ശക്തിയുടെ ഖജനാവ് ഇല്ലെങ്കിൽ പുറമേ നിന്നുള്ള മാർഗങ്ങൾ അവലംഭിക്കേണ്ടതായി വരുന്നു. അപ്പോഴാണ് പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കുക.

ഇതാണ് കർമ്മ സംസ്കരണത്തിന്റെയും അവസ്ഥ. വിവിധ ആളുകൾക്ക് വിവിധ ചികിത്സയാണാവശ്യം. എല്ലാവർക്കും ഒരേയൊരു ചികിത്സയല്ല വേണ്ടത്. ചിലർക്ക് ഇച്ഛാശക്തിയും ചിലർക്ക് കർമശക്തിയും ഉണ്ടാക്കേണ്ടതായിവരും. ചിലർക്ക് ഭാരം കൂടുതലാകുമ്പോൾ അവരുടെ കഴിവുകൾക്കതീതമാകുമ്പോൾ അവർക്ക് പുറമേനിന്നുള്ള സഹായം ആവശ്യമാണ്. ആ സമയത്ത് സമൂഹത്തിന് അവരുടേതായ കടമ നിറവേറ്റേണ്ടി വരുന്നു. ജമാഅത്തിനും കീഴ്ഘടകങ്ങൾക്കും അവരുടേതായ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതായി വരും.

അതിനാൽ നമുക്ക് നമ്മുടെ കർമ സംസ്കരണത്തിനായി ഈ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. ഈ കാര്യങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇച്ഛാ ശക്തിയെ ശക്തിപ്പെടുത്തണം. കർമ്മശക്തിക്ക് ഊർജ്ജവും പകരണം. അങ്ങനെ ഹദ്: മസീഹ് മൗഊദ് عليه السلام ന്റെ ലക്ഷ്യത്തെ പൂർത്തിയാക്കുന്നവരായി മാറുന്നതാണ്. *അല്ലാഹു നമുക്ക് നൽകിയിരിക്കുന്ന കഴിവുകൾ തുരുമ്പെടുത്ത് ഇല്ലാതാകാതിരിക്കട്ടെ.* ഇതിന്റെ വിശദീകരണം ഭാവിയിൽ ഞാൻ നൽകുന്നതാണ്.

അവസാനമായി ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ കേൾപ്പിക്കുകയാണ്. ''അല്ലാഹുവിനോട് സംസ്കരണം ആഗ്രഹിക്കുകയും തന്റെ ശക്തി അതിനായി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് വിശ്വാസത്തിന്റെ രീതി.'' അല്ലാഹുവിനോട് സംസ്കരണം ആഗ്രഹിക്കുക എന്നത്

തന്റെ ഇച്ഛാശക്തിയെ ദുആ മുഖേന ശക്തിപ്പെടുത്തുക എന്നതാണ്. ശക്തി ചെലവഴിക്കുക എന്നത് ഇച്ഛാ ശക്തി യുടെയും കർമ്മശക്തിയുടെയും പ്രകടനമാണ്. ഈ പ്രകടനം ഉന്നത നിലവാരത്തിലെത്തിയാൽ ഇത് തന്നെയാണ് ഈമാൻ. ദാസൻ തന്റെ ഓരോ പ്രവൃത്തിയും തന്റെ അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്നതാണ്. അവന്റെ പ്രീതിയിലേക്ക് ശ്രദ്ധയുണ്ടായിത്തീരുന്നതാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു: "നിങ്ങൾ നിങ്ങളുടെ പ്രവർത്തന മാതൃക കാണിക്കുക. മറ്റുള്ളവർ സ്വീകരിക്കുന്ന തരത്തിലുള്ള ഒരു തിളക്കം അതിൽ ഉണ്ടാക്കുക. അതിൽ ഒരു തിളക്കമില്ലെങ്കിൽ ആരും അത് സ്വീകരിക്കുന്നതല്ല. നിങ്ങളുടെ അകത്തളത്തിൽ നേരും തെളിച്ചവുമില്ലെങ്കിൽ ആരും വാങ്ങില്ല. നിങ്ങളുടെ ധാർമിക ഗുണങ്ങൾ ഉന്നത നിലവാരം പുലർത്തുന്നതല്ലെങ്കിൽ ഒരു സ്ഥാനവും നിങ്ങൾക്ക് കരസ്ഥമാക്കാൻ സാധ്യമല്ല. അതിനാൽ കർമ സംസ്കരണത്തിന് കഠിനാധ്വാനവും നിരന്തര മായ നിരീക്ഷണവും അനിവാര്യമാണ്. അങ്ങനെ ഓരോ അഹ്മദിയും താൻ അഹ്മദിയാണെന്ന ലക്ഷ്യം പൂർത്തിയാക്കു ന്നവനായിത്തീരുന്നതാണ്. മസീഹ് മൗഊദ് عَلَیْہِ السَّلَام ന്റെ ആഗ്രഹ പ്രകാരം നാം നമ്മേ യഥാർത്ഥ മുസ്‌ലീംകളാക്കി മാറ്റുന്നതാണ്. *അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.*

നമസ്കാരങ്ങൾക്ക് ശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇത് കൊൽക്കത്തയിലെ ബഹുമാ ന്യനായ മാസ്റ്റർ മശ്‌രിഖ് അലി സാഹിബ് എം.എ.യുടേതാണ്. 2014 ജനുവരി 3ന് ഏകദേശം 80 ാം വയസ്സിൽ ഖാദിയാനിൽ വെച്ച് വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ കഴിഞ്ഞ ഒരു വർഷമായി രോഗിയായിരുന്നു. അദ്ദേഹത്തിന്റെ മകൻ ചികിത്സയ്ക്കായി ജപ്പാനിലും കൊണ്ടുപോയിരുന്നു. അവിടെവെച്ച് കുറേയൊക്കെ മെച്ചപ്പെട്ടിരുന്നു. ഇപ്പോൾ ഖാദിയാനിൽ തന്റെ മകളുടെ കൂടെയായിരുന്നു.

1965 ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അതിനുശേഷം ജീവിതത്തിന്റെ അവസാന നിമിഷം വരെ ദഅ്‌വത്തെ ഇലല്ലാഹ് പ്രവർത്തനത്തിൽ നിമഗ്നനായി കഴിച്ചുകൂട്ടി. 48 വർഷം നീണ്ട സേവനമാണ് അനുഷ്ഠിച്ചത്. സെക്രട്ടറി തബ്‌ലീഗ്, ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യാ, നാസിം അൻസാറുല്ലാഹ് ബംഗാൾ, നാഇബ് അമീർ കൽക്കട്ട, ഒരു ദീർഘ കാലം സുബായി അമീർ ബംഗാൾ ആസാം എന്നീ നിലകളിൽ സേവനമനുഷ്ഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. നേപ്പാളിലെ തബ്‌ലീഗ് കാര്യങ്ങളുടെ നിഗ്‌രാൻ, അഞ്ചുമൻ വഖ്ഫെ ജദീദ് ഖാദിയാന്റെ മെമ്പർ എന്നീ തലത്തിലും സേവനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ബംഗാളി ഭാഷയിലുള്ള അൽ ബുഷ്റ എന്ന മാസിക കഠിന പ്രയത്നത്തിലൂടെ പ്രസിദ്ധീകരിച്ചു. ജനങ്ങൾക്ക് പോസ്റ്റ് ചെയ്തിരുന്നതും സ്വയം തന്നെയായിരുന്നു.

ബഹുമന്യ നാസിർ അഅ്‌ലാ ഖാദിയാൻ ഇനം ഗോരി സഹിബ് പറയുന്നു: "ഞാൻ അദ്ദേഹത്തോടൊപ്പം ബംഗാളിലും ആസാ മിലും പലപ്രാവശ്യം യാത്ര ചെയ്തിരുന്നു. വളരെ അപകടം നിറഞ്ഞ സ്ഥലങ്ങളിൽ പോലും പ്രസംഗവും യോഗങ്ങൾ സംഘടിപ്പിക്കുന്നതിൽ നിന്നും പിന്മാറിയിരുന്നില്ല. മൂന്ന് പ്രാവശ്യം വളരെ അപകടം പിടിച്ച അവസരങ്ങളിൽ അവിടെ നിന്ന് സുരക്ഷിതമായി രക്ഷപ്പെടാനുള്ള അവസരം അല്ലാഹു ഒരുക്കിയി രുന്നു. വണ്ടിക്കും സാധനസാമഗ്രികൾക്കും കേട്പാടു പറ്റിയെ ങ്കിലും ജമാഅത്തംഗങ്ങൾ സുരക്ഷിതമായിരുന്നു. അപകടമുള്ള സ്ഥലങ്ങളിലും സധൈര്യം കൊണ്ടുപോകുമായിരുന്നു. അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യുമ്പോൾ ഓരോ പ്രദേശത്തും അല്ലാഹു നൽകുന്ന സഹായങ്ങളെ കുറിച്ചുള്ള സംസാരം തുടർന്നുകൊണ്ടിരിക്കും. ബംഗാളിലും ആസാമിലും അദ്ദേഹ ത്തിന്റെ കാലത്ത് പല ജമാഅത്തുകളും സ്ഥാപിക്കപ്പെടു കയുണ്ടായി. ധൈര്യശാലിയും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന ആളും സാധുവുമായിരുന്നു. മൂസിയായിരുന്നു. ഖാദിയാൻ ബിഹ്ശ്തി മഖ്ബറയിലാണ് മറവു ചെയ്തത്.

ഇദ്ദേഹത്തിന് മൂന്ന് പെൺകുട്ടികളും രണ്ട് ആൺകുട്ടികളു മാണുള്ളത്. ഒരു മകനെ അഹ്മദിയ്യാ ജമാഅത്തിന്റെ ഓരോ ആളും അറിയുമായിരിക്കും. ഇസ്മത്തുല്ലാഹ് സാഹിബാണ്. ജൽസയിൽ നസം ചൊല്ലാറുണ്ട്. എം.ടി.എ യിൽ ഇദ്ദേഹത്തിന്റെ നസം വരുന്നുണ്ടേ. അല്ലാഹു മർഹൂമിന്റെ പദവി ഉയർത്തട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തിന്റെ നന്മയിൽ നില നിൽക്കാനുള്ള തഫീഖ് ലഭിക്കട്ടെ.

**PRINTED BOOKS**

**To**

**From,**
**AHMADIYYA JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 January 10 at : Baitul Futuh Mosque, London.
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**